**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2403** **07.10.2016 ൽ മറുപടിയ്ക്ക്**

**"വിഷരഹിതമായ പച്ചക്കറി ലഭ്യമാക്കുന്നതിനുള്ള പദ്ധതി"**

| **ചോദ്യം**<br>ശ്രീ. എം. ഉമ്മർ | **ഉത്തരം**<br>ശ്രീ. വി.എസ്.സുനിൽ കുമാർ<br>(ബഹു.കൃഷി വകുപ്പ് മന്ത്രി) |
|---|---|
| (എ) വിഷരഹിതമായ പച്ചക്കറി ലഭ്യമാക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് കൃഷിവകുപ്പ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (എ) സംസ്ഥാനത്ത് വിഷരഹിത പച്ചക്കറി ലഭ്യമാക്കുന്നതിലേക്കും ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും വിവിധ പദ്ധതികൾ നടപ്പാക്കി വരുന്നുണ്ട്. ഇതിലേക്കായി സംസ്ഥാനതലത്തിലും ജില്ലാതലത്തിലും കരാർ അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. വിവിധ ബ്ലോക്കുകളിൽ നല്ല കൃഷിമുറകൾ പാലിച്ച് പഴം, പച്ചക്കറികൾ ഉല്പാദിപ്പിക്കുന്നതിനായി 292 ഓളം ക്ലസ്റ്ററുകൾ രൂപീകരിക്കുകയും ജൈവ ഉൽപന്നങ്ങൾ സംഭരിച്ച് പാക്ക് ചെയ്ത് വിൽപന നടത്തുന്നതിലേയ്ക്ക് ധനസഹായവും നൽകുന്നുണ്ട്<br>ഇത്തരം 152 ക്ലസ്റ്ററുകൾ ഈ സാമ്പത്തിക വർഷം പുതുതായി രൂപീകരിക്കുവാനും ഉൽപന്നങ്ങൾ ഇക്കോഷോപ്പ് മുഖേന വിപണനം നടത്തുന്നതിന് ഇൻസെന്റീവ് നൽകുന്നതിനും, നിലവിലുള്ള 45 ഇക്കോഷോപ്പുകൾക്കു പുറമേ പുതുതായി 15 എണ്ണം കൂടി സ്ഥാപിക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. കൃഷിയിടത്തിൽ തന്നെ ജൈവവളം ഉല്പാദിപ്പിക്കുന്നതിന് കമ്പോസ്റ്റ് നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനായി സബ്സിഡി നൽകും. ഇതിനു പുറമേ കേന്ദ്രാവിഷ്കൃത പദ്ധതികൾ മുഖേനയും കർഷകർക്ക് പരിശീലനവും പ്രോത്സാഹനവും നൽകി വരുന്നു.<br>ജൈവകൃഷിയിൽ മികച്ച പ്രവർത്തനം നടത്തുന്ന നിയോജകമണ്ഡലം, കോർപ്പറേഷൻ, മുനിസിപ്പാലിറ്റി എന്നിവയ്ക്ക് നിലവിൽ നൽകിവരുന്ന അവാർഡ് തുക വർദ്ധിപ്പിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട് |
| (ബി) പ്രസ്തുത പദ്ധതികൾ നടപ്പിലാക്കാൻ കഴിയുന്നതിലൂടെ പച്ചക്കറിയുടെ ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാൻ കഴിയും എന്ന് പ്രതീക്ഷിക്കുന്നുണ്ടോ; | (ബി) യും (സി) യും ഉണ്ട്. വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ ജൈവകൃഷി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.. |
| (സി) ഉണ്ടെങ്കിൽ വിവിധ വകുപ്പുകളുടെ ഏകോപനം ഇക്കാര്യത്തിൽ അനിവാര്യമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ? | |

**സെക്ഷൻ ഓഫീസർ**